# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വണ്ടൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം 06/1234/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 16/09/2021
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വണ്ടൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം 06/1234/2021 തീയ്യതി: 16/09/2021

## മലപ്പുറം ജില്ലയിലെ വണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ വണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 26-07-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഉണ്ണി പി | ഡെപ്യൂട്ടി ഡയറക്ടർ | 27-07-2021 | 09-08-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 27-07-2021 | 09-08-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1. അബ്ദുൽ ജലീൽ ടി.പി (ഓഡിറ്റ് ഓഫീസർ. ഹ.ഗ്രേ)
2. മുഹമ്മദ് സലീം ടി (അസി.ഓഡിറ്റ് ഓഫീസർ. ഹ.ഗ്രേ)
3. രാമകൃഷ്ണൻ ടി (സീ. ഗ്രേ. ഓഡിറ്റർ)
4. അമീൻ ഫൈസൽ ടി.ടി (സീ. ഗ്രേ. ഓഡിറ്റർ)
5. സുജാത എം (ഓഡിറ്റർ)

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സാജിത കെ കെ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ശ്രീമതി. റുബീന പി | പ്രസിഡന്റ് | 30-12-2020 | 31-03-2021 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| വൈ പി മുഹമ്മദ് അഷ്റഫ് | സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീ.അബ്ദുൾഷുക്കൂർ കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 24-02-2021 |
| ശ്രീ.മമ്മദ് അബ്ദുൾ ലത്തീഫ് എൻ | അസിസ്റ്റന്റ് സെക്രട്ടറി | 25-02-2021 | 31-03-2021 |
| ഡോ.ഷീജ പന്തക്കലകുന്ന് | മെഡിക്കൽ ഓഫീസർ (താലൂക്ക് ഹോസ്ഫിറ്റൽ) | 01-04-2020 | 31-03-2021 |
| ഡോ.സുനിൽബാബു പി | മെഡിക്കൽ ഓഫീസർ (ആയൂർവേദം) | 01-04-2020 | 05-03-2021 |
| ഡോ.സഫിയ എം | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2020 | 31-03-2021 |
| ഡോ.അബ്ദുൾഗഫൂർ പൂങ്ങാടൻ | സീനിയർ വെറ്ററിനറി സർജൻ | 01-04-2020 | 15-05-2020 |
| ഡോ.രവികുമാർ എം | സീനിയർ വെറ്ററിനറി സർജൻ | 16-05-2020 | 27-05-2020 |
| | | 01-03-2021 | 31-03-2021 |
| ഡോ.ഷൗക്കത്തലി | സീനിയർ വെറ്ററിനറി സർജൻ | 28-05-2020 | 28-02-2021 |
| ശ്രീമതി.ഹസ്ന | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2020 | 03-07-2020 |
| ശ്രീമതി .വിനോദിനി | ഐ സി ഡി എസ് സൂപ്പർവൈസർ | 04-04-2020 | 31-03-2021 |
| ശ്രീമതി .ഷബാന യാസ്മിൻ കെ ടി | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീമതി .ഗ്രീഷ്മ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീ.അബ്ദുൾ റഷീദ് കെ എ | വി ഇ ഒ | 01-04-2020 | 31-03-2021 |
| ശ്രീമതി .ത്രേസ്യ ടി ജോർജ് | ഹെഡ്മിസ്ട്രസ് | 01-04-2020 | 31-03-2021 |
| ശ്രീമതി .വിനോദിനി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 04-07-2020 | 31-03-2021 |
| ഡോ.ബുഷ്റ | മെഡിക്കൽ ഓഫീസർ (ആയൂർ വേദം ) | 06-03-2021 | 31-03-2021 |

12.11.2020 മുതൽ 29.12.2020 വരെ അസി.എഞ്ചിനീയർ,സെക്രട്ടറി,കൃഷിഓഫീസർ, എന്നിവർ ഉൾപ്പെട്ട കമ്മറ്റിയാണ് ഭരണനിർവ്വഹണം നടത്തിയത്

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sujatha M (Auditor, On 05-08-2021)<br>Last Updated By: Sujatha M (Auditor, On 05-08-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Ameen Faisal.T.T (Senior Grade Auditor, On 05-08-2021)<br>Last Updated By: Unni.P (Deputy Director, On 10-09-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Ameen Faisal.T.T (Senior Grade Auditor, On 05-08-2021)<br>Last Updated By: Ameen Faisal.T.T (Senior Grade Auditor, On 05-08-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം (എ).സി.ആർ. പ്രകാരം)<br>Written By: Ameen Faisal.T.T (Senior Grade Auditor, On 05-08-2021)<br>Last Updated By: Ameen Faisal.T.T (Senior Grade Auditor, On 05-08-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Ameen Faisal.T.T (Senior Grade Auditor, On 05-08-2021)<br>Last Updated By: Ameen Faisal.T.T (Senior Grade Auditor, On 05-08-2021) | 1-5 |
| 6 | തൊഴിലുറപ്പ്<br>Written By: Ramakrishnan.T (Senior Grade Auditor, On 10-08-2021)<br>Last Updated By: Unni.P (Deputy Director, On 10-09-2021) | 1-6 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: Ramakrishnan.T (Senior Grade Auditor, On 08-08-2021)<br>Last Updated By: Ramakrishnan.T (Senior Grade Auditor, On 08-08-2021) | 1-7 |
| 8 | ക്യാഷ് പരിശോധന.<br>Written By: Ameen Faisal.T.T (Senior Grade Auditor, On 05-08-2021)<br>Last Updated By: Ameen Faisal.T.T (Senior Grade Auditor, On 05-08-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Ramakrishnan.T (Senior Grade Auditor, On 09-08-2021)<br>Last Updated By: Unni.P (Deputy Director, On 10-09-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Ameen Faisal.T.T (Senior Grade Auditor, On 05-08-2021)<br>Last Updated By: Ameen Faisal.T.T (Senior Grade Auditor, On 05-08-2021) | 1-10 |
| 11 | വാർഷിക ധനകാര്യ പത്രിക<br>Written By: Ameen Faisal.T.T (Senior Grade Auditor, On 05-08-2021)<br>Last Updated By: Unni.P (Deputy Director, On 10-09-2021) | 1-11 |
| 12 | പാർക്കിംഗ് സൗകര്യം ഒരുക്കാത്ത അപേക്ഷകളിന്മേൽ കെട്ടിട നിർമ്മാണ അനുമതി നൽകി.<br>Written By: Ameen Faisal.T.T (Senior Grade Auditor, On 09-08-2021)<br>Last Updated By: Unni.P (Deputy Director, On 10-09-2021) | 1-12 |
| 13 | ചട്ട വിരുദ്ധമായി പാട്ട കിഴിവ് നൽകി.<br>Written By: Ameen Faisal.T.T (Senior Grade Auditor, On 09-08-2021)<br>Last Updated By: Ameen Faisal.T.T (Senior Grade Auditor, On 10-08-2021) | 1-13 |
| 14 | കാലഹരണപ്പെട്ട റവന്യൂ ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്.<br>Written By: Ameen Faisal.T.T (Senior Grade Auditor, On 09-08-2021)<br>Last Updated By: Unni.P (Deputy Director, On 16-09-2021) | 1-14 |
| 15 | ദുരിന്ത നിവാരണം- അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള പ്രൊജക്ടുകൾ നടപ്പിലാക്കേണ്ടതാണ്.<br>Written By: Ameen Faisal.T.T (Senior Grade Auditor, On 09-08-2021)<br>Last Updated By: Unni.P (Deputy Director, On 10-09-2021) | 1-15 |
| 16 | പുതിയ എൽ ഇ ഡി ബൾബുകൾ സ്ഥാപിക്കൽ പദ്ധതി-അപാകതകൾ | 1-16 |

| | | |
|---|---|---|
| | Written By: Ramakrishnan.T (Senior Grade Auditor, On 10-08-2021)<br>Last Updated By: Unni.P (Deputy Director, On 10-09-2021) | |
| 17 | രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല- 99600/- രൂപയുടെ ചെലവ് തടസം ചെയ്യുന്നു.<br>Written By: Ameen Faisal.T.T (Senior Grade Auditor, On 09-08-2021)<br>Last Updated By: Unni.P (Deputy Director, On 10-09-2021) | 1-17 |
| 18 | പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല.<br>Written By: Ramakrishnan.T (Senior Grade Auditor, On 10-08-2021)<br>Last Updated By: Unni.P (Deputy Director, On 10-09-2021) | 1-18 |
| 19 | അഗതിരഹിത കേരളം പദ്ധതി പുരോഗതി നേടിയില്ല.<br>Written By: Muhammed Saleem T (Asst. Audit Officer, On 09-08-2021)<br>Last Updated By: Unni.P (Deputy Director, On 16-09-2021) | 1-19 |
| 20 | ഹോമിയോ മരുന്ന് ലഭ്യമായില്ല.<br>Written By: Muhammed Saleem T (Asst. Audit Officer, On 09-08-2021)<br>Last Updated By: Unni.P (Deputy Director, On 10-09-2021) | 1-20 |
| 21 | അനുപൂരക പോഷകാഹാര വിതരണം - ആവശ്യമായ ഫണ്ട് വകയിരുത്തുന്നില്ല.<br>Written By: Muhammed Saleem T (Asst. Audit Officer, On 09-08-2021)<br>Last Updated By: Unni.P (Deputy Director, On 16-09-2021) | 1-21 |
| 22 | പ്രവൃത്തി വൈകി പൂർത്തിയാക്കിയതിന് പിഴ ഈടാക്കിയില്ല<br>Written By: T.P.Abdul Jaleel (Audit Officer, On 09-08-2021)<br>Last Updated By: Unni.P (Deputy Director, On 10-09-2021) | 1-22 |
| 23 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ -വാഹന വാടക അധികം നൽകി<br>Written By: Ramakrishnan.T (Senior Grade Auditor, On 09-08-2021)<br>Last Updated By: Unni.P (Deputy Director, On 16-09-2021) | 1-23 |
| 24 | പ്ലാൻ ഫണ്ടിൽ നിന്നുള്ള വിവിധ ചെലവുകൾ - വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.<br>Written By: Ramakrishnan.T (Senior Grade Auditor, On 09-08-2021)<br>Last Updated By: Unni.P (Deputy Director, On 10-09-2021) | 1-24 |
| 25 | മുഴുവൻ മരുന്നുകളും ലഭ്യമായിതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.<br>Written By: Ramakrishnan.T (Senior Grade Auditor, On 10-08-2021)<br>Last Updated By: Unni.P (Deputy Director, On 16-09-2021) | 1-25 |
| 26 | തനത് ഫണ്ടിൽ 5 കോടി രൂപയുടെ നീക്കിയിരുപ്പ്- ഫിക്സഡ് ഡിപ്പോസിറ്റ് ചെയ്യുന്നതിന്റെ സാധ്യതകൾ പരിഗണിക്കേണ്ടതാണ്.<br>Written By: Ameen Faisal.T.T (Senior Grade Auditor, On 10-08-2021)<br>Last Updated By: Unni.P (Deputy Director, On 10-09-2021) | 1-26 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.<br>Written By: Ameen Faisal.T.T (Senior Grade Auditor, On 05-08-2021)<br>Last Updated By: Ameen Faisal.T.T (Senior Grade Auditor, On 05-08-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Sujatha M (Auditor, On 05-08-2021)<br>Last Updated By: Unni.P (Deputy Director, On 13-09-2021) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |

| | | |
|---|---|---|
| | Written By: Ramakrishnan.T (Senior Grade Auditor, On 10-08-2021)<br>Last Updated By: Ramakrishnan.T (Senior Grade Auditor, On 10-08-2021) | |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Sujatha M (Auditor, On 05-08-2021)<br>Last Updated By: Sujatha M (Auditor, On 05-08-2021) | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ്<br>Written By: Sujatha M (Auditor, On 05-08-2021)<br>Last Updated By: Unni.P (Deputy Director, On 13-09-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Sujatha M (Auditor, On 05-08-2021)<br>Last Updated By: Sujatha M (Auditor, On 05-08-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Sujatha M (Auditor, On 05-08-2021)<br>Last Updated By: Sujatha M (Auditor, On 05-08-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Sujatha M (Auditor, On 05-08-2021)<br>Last Updated By: Unni.P (Deputy Director, On 13-09-2021) | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം.<br>Written By: Sujatha M (Auditor, On 05-08-2021)<br>Last Updated By: Sujatha M (Auditor, On 05-08-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sujatha M (Auditor, On 05-08-2021)<br>Last Updated By: Unni.P (Deputy Director, On 13-09-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Sujatha M (Auditor, On 05-08-2021)<br>Last Updated By: Unni.P (Deputy Director, On 13-09-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

| 2020-21ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നമ്പർ./തിയ്യതി | ( പുതുക്കിയത് ) തീരുമാന നമ്പർ./ തിയ്യതി |
|---|---|
| (1)/26.03.2020 | (2)/06.02.2021 |

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2021 | 30.05.2021 | - | - |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 61762286 |
| വരവ് | 175366681 |
| ആകെ | 237128967 |
| ചെലവ് | 169418407 |
| നീക്കിയിരിപ്പ് | 67710560 |

## 1-4 ഫണ്ട് വിനിയോഗം (എ.സി.ആർ. പ്രകാരം)

| ഫണ്ടിനം | | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ബാക്കി | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | | 0 | 23304539 | 23304539 | 18616707 | 4687832 | 80 |
| വികസനഫണ്ട് എസ്.സി.പി. | | 0 | 19736122 | 19736122 | 15909354 | 3826768 | 81 |
| വികസനഫണ്ട് ടി.എസ്.പി. | | 0 | 726779 | 726779 | 662588 | 64191 | 91 |
| സംരക്ഷണഗ്രാന്റ് നോൺ റോഡ് | | 0 | 7769613 | 7769613 | 5641426 | 2128187 | 73 |
| സംരക്ഷണഗ്രാന്റ് റോഡ് | | 0 | 12669000 | 12669000 | 12610745 | 58255 | 99 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 0 | 15342889 | 15342889 | 13609281 | 1733608 | 88 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) | | 0 | 9070000 | 9070000 | 2338893 | 6731107 | 26 |
| സംയുക്ത പ്രൊജക്ട് | ബ്ലോക്ക് പഞ്ചായത്ത് | 25 | 994000 | 994025 | 994000 | 25 | 100 |
| | ജില്ലാ പഞ്ചായത്ത് | 0 | 11817569 | 11817569 | 11817569 | 0 | 100 |
| ബി ഫണ്ട് | | 0 | 97041100 | 97041100 | 97041100 | 0 | 100 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 5963704 | 20862348 | 26826052 | 26593492 | 232560 | 99 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|

| (എണ്ണം) | | | | (എണ്ണം) | എണ്ണം) | |
|---|---|---|---|---|---|---|
| 421 | 222598293 | 278 | 152246018 | 0 | 143 | 66 |

## 1-6 തൊഴിലുറപ്പ്

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 0 | 1176088 | 1176088 | 627116 | 548972 |
| ഗുണഭോക്താക്കൾ നേരിട്ട് നൽകുന്നത് | 0 | 27230884 | 27230884 | 27230884 | 0 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | |
| കർഷകതൊഴിലാളി പെൻഷൻ | 5273200 | 2197 |
| വിധവാപെൻഷൻ | 36230200 | 14229 |
| വാർദ്ധക്യകാലപെൻഷൻ | 41557300 | 16579 |
| വികലാംഗപെൻഷൻ | 11777700 | 4639 |
| വിവാഹധനസഹായം | 390000 | 13 |
| 50 വയസിനു മുകളിലുള്ള വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 1812700 | 709 |
| | | |

## 1-8 ക്യാഷ് പരിശോധന.

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04.08.2021 ന് 12 Amന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 1524/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1)ആസ്തി രജിസ്റ്റർ പൂർണ്ണമല്ല. റോഡിതര ആസ്തികളുടെ വിവരം പരിശോധനക്ക് ലഭ്യമാക്കിയിട്ടുമില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

2)കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 150 പ്രകാരം അസംസ്കൃത വസ്തുക്കൾക്കും വിലകുറഞ്ഞ സ്റ്റോറുകൾക്കും,ഓഫീസ് ഫർണ്ണീച്ചറുകൾക്കും സ്റ്റോറുകൾക്കും ,പുസ്തകങ്ങൾ ഫോറങ്ങൾ സ്റ്റേഷനറികൾ എന്നിവക്കും പ്രത്യേക സ്റ്റോക്ക് അക്കൗണ്ടുകൾ സൂക്ഷിക്കേണ്ടതാണ്. ആയത് പാലിക്കുന്നില്ല.സ്റ്റോക്കുകളുടെ പരിശോധനയും കാര്യക്ഷമമല്ല.സ്റ്റോറുകളുടെ വിതരണ വിവരം സ്റ്റോക്ക് അക്കൗണ്ടിൽ ചേർക്കേണ്ടതാണെങ്കിലും ( ആർട്ടിക്കിൾ 152) ആയതും പാലിക്കുന്നില്ല.

3)ജി ഒ (പി )നം.177/2006/ ഫിൻ തി.12.04.2006 പ്രകാരം എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും പ്രോജക്ട് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. എന്നാൽ ആയത് സെക്രട്ടറി പാലിക്കുന്നില്ല.

4)ജി ഒ (എം എസ് ) നം. 10/2017/ത.സ്വ.ഭ.വ തി. 09.01.2017 പ്രകാരം ഓരോ പ്രോജക്ടുകളും നടപ്പിലാക്കിയ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി മാറണം. എന്നാൽ പദ്ധതി രൂപീകരണത്തിന് മുൻപ് ഒരു തവണ യോഗം ചേരുന്നതൊഴിച്ചാൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം പേരിൽ മാത്രമാണ്. 2020-21 വർഷത്തെ പ്രോജക്ടുകൾ ഒന്നും തന്നെ മോണിറ്ററിംഗ് നടത്തിയിട്ടില്ല.

5)ജി ഒ (എം എസ് ) നം. 10/2017/ത.സ്വ.ഭ.വ തി. 09.01.2017 പ്രകാരം,ആസൂത്രണ സമിതി രൂപീകരണം മുതൽ പ്രോജക്ട് സമർപ്പണ അന്തിമഘട്ടം വരെയുള്ള എല്ലാകാര്യങ്ങളിലും ഇടപെട്ട് പദ്ധതി പ്രവർത്തനത്തിൽ

നേതൃത്വപരമായ പങ്ക് വഹിക്കേണ്ട സ്റ്റാന്റിംഗ് കമ്മറ്റികളുടെ ഇടപെടലുകൾ പര്യാപ്തമല്ല. അപാകതകൾ പരിഹരിക്കേണ്ടതാണ്.

6) പട്ടികവർഗ്ഗ കുടിവെള്ളപദ്ധതിയുടെ വൈദ്യുതി ചാർജ് ടി എസ് പി ഫണ്ടിൽ നിന്നും അടവാക്കാമെങ്കിലും ആയത് നിലവിൽ തനത്ഫണ്ടിൽ നിന്നാണ് നൽകി വരുന്നത്.

7) തെരുവ് വിളക്കുകളുടെ രജിസ്റ്ററിൽ ശരിയായി വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.02.2021 | 11/2020 - 01/2021 | 19.02.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16.02.2017 | 2012-13 To 2015-16 | 11/04/2017 |

## 1-11 വാർഷിക ധനകാര്യ പത്രിക

2020-21 വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ ചുവടെ ചേർത്തിട്ടുള്ള അപാകതകൾ ഉണ്ട്.

1. AFS പ്രകാരമുള്ള വസ്തു നികുതി (തൻവർഷം) വരവും [7655825], സഞ്ചയ പ്രകാരമുള്ള വരവും [7664130] തമ്മിൽ പൊരുത്തപ്പെടുന്നില്ല.
2. AFS പ്രകാരമുള്ള വസ്തു നികുതി (കുടിശ്ശിക ) വരവും [592430], സഞ്ചയ പ്രകാരമുള്ള വരവും [595452] തമ്മിൽ പൊരുത്തപ്പെടുന്നില്ല.
3. SBI [Loan] അക്കൗണ്ടിലെ തുക [2256440/-] ബാധ്യതയായി ബുക്ക് ചെയ്തിട്ടില്ല.
4. വാടക ഡിപ്പോസിറ്റ് തുക [Rent Deposit] ഹെഡ് മാറി Auction Deposit -ലാണ് ബുക്ക് ചെയ്തിട്ടുള്ളത്.
5. AFS പ്രകാരം 3000/- നിക്ഷേപം ഉണ്ട്. ആയതിനെ സാധൂകരിക്കുന്ന രേഖകൾ ലഭ്യമല്ല.
6. ചെലവുകൾ സാംഖ്യയിൽ ബുക്ക് ചെയ്യുന്നതിന് മുമ്പ് ചെക്കുകൾ മുഖേന ചെലവുകൾ നടത്തുന്നു.
7. കാലഹരണപ്പെട്ട ഡിപ്പോസിറ്റുകൾ [B7] ബാധ്യതയിൽ നിന്നും ക്രമീകരിച്ചിട്ടില്ല.
8. ബാലൻസ്ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ മൂല്യവും, ആസ്തി രജിസ്റ്ററിലെ ആസ്തികലുടെ മൂല്യവും പൊരുത്തപ്പെടുന്നില്ല.
9. മുൻവർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ പരിഹരിച്ചിട്ടില്ല.


## 1-12 പാർക്കിംഗ് സൗകര്യം ഒരുക്കാത്ത അപേക്ഷകളിന്മേൽ കെട്ടിട നിർമ്മാണ അനുമതി നൽകി.

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങള്-2019, ചട്ടം 29 പ്രകാരം ഒരു തെരുവിലേക്ക് വാഹനങ്ങളുടെ പ്രവേശനത്തിന് ആവശ്യമായ സൗകര്യങ്ങളോടുകൂടിയാണ് പാർക്കിംഗ് സ്ഥലം വ്യവസ്ഥ ചെയ്യേണ്ടത്. കൂടാതെ ഓരോ പാർക്കിംഗിനുള്ള സ്ഥലവും ചട്ട പ്രകാരമുള്ള അളവിൽ (5.5*2.7 മീറ്റർ) പാർക്കിംഗ് സ്ഥലത്ത് മാർക്ക് ചെയ്യേണ്ടതും ഇത്തരത്തിൽ മാർക്ക് ചെയ്യപ്പെട്ട സ്ഥലങ്ങൾ കൂടാതെ ഡ്രൈവിങ്ങിനുള്ള സ്ഥലവും, ഇടനാഴിയും, വാഹനങ്ങൾ തിരിക്കുവാനുള്ള സ്ഥലവും ചട്ടപ്രകാരം ഉണ്ടായിരിക്കേണ്ടതാണ്. പാർക്ക് ചെയ്ത ഒരു വാഹനം മാറ്റാതെ തന്നെ പാർക്കിംഗ് സ്ഥലത്ത് ഒരുക്കിയിട്ടുള്ള വാഹനങ്ങൾക്ക് ഡ്രൈവിങ്ങിനുള്ള സ്ഥലവും, ഇടനാഴിയും, വാഹനങ്ങൾ തിരിക്കുവാനുള്ള സൗകര്യവും ഉണ്ടായിരിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു. കൂടാതെ വാഹന ഇടനാഴിക്ക് 3 മീറ്ററും വാഹന വഴിക്കുള്ള റാംപിന് 3.5 മീറ്ററും കുറഞ്ഞ വീതി ഉണ്ടായിരിക്കേണ്ടതാണ്. എന്നാൽ ചുവടെ ചേർത്തിട്ടുള്ള അപേക്ഷയിന്മേൽ മേൽ വ്യവസ്ഥകൾ പാലിക്കാതെ നിർമ്മാണ അനുമതി നൽകിയിട്ടുണ്ട്.

| ഉടമയുടെ വിലാസം | പെർമിറ്റ്/ റെഗുലറൈസേഷൻ വിവരം | കുറിപ്പ് |
|---|---|---|
| സറഫുല്ല & | പെർമിറ്റ് നമ്പർ | റാംപിന് 3.22 മീറ്റർ വീതിയെഉള്ളൂ. റാംപിന്റെ ഇരു ഭാഗത്തും |

| | | |
|---|---|---|
| ജലീൽ തോണിക്കര | A2/5627/2020/ 09.10.2020 (വാണിജ്യ കെട്ടിടം) | കെട്ടിടത്തിന്റെ ഫില്ലറുകൾ വരുന്നതിനാൽ നിർമ്മാണം തുടങ്ങിയാൽ വീതി കൂട്ടുന്നതിന് കഴിയുകയില്ല. |
| അഫ്ലാൻ കെ വി കൊടുവായിക്കൽ വീട് | പെർമിറ്റ് നമ്പർ A2/876/2021/ 18.03.2021 (വാണിജ്യ കെട്ടിടം) | വാഹനങ്ങൾക്ക് ഡ്രൈവിങ്ങിനുള്ള സ്ഥലവും, ഇടനാഴിയും, വാഹനങ്ങൾ തിരിക്കുവാനുള്ള സൗകര്യവും ഇല്ല. വാഹന ഇടനാഴിക്ക് ചട്ട പ്രകാരമുള്ള വീതി ഇല്ല [കുറഞ്ഞത് 3 മീറ്റർ]. |

ചട്ട പ്രകാരമുള്ള പാർക്കിംഗ് സൗകര്യം ഒരുക്കാത്ത കെട്ടിട നിർമ്മാണ അപേക്ഷകളിന്മേൽ നിർമ്മാണ അനുമതി നൽകിയതിന് സാങ്കേതിക പരിശോധന നടത്തിയ അസി.എൻജിനീയർ, മേൽ പരിശോധന നടത്തി പെർമിറ്റ് നൽകിയ സെക്രട്ടറി എന്നിവരുടെ ഭാഗത്തു നിന്നുള്ള വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.




[ചിത്രം 1]

[ഓഡിറ്റ് എൻക്വയറി 10/06.08.2021- മറുപടി ലഭ്യമാക്കിയിട്ടില്ല]

## 1-13 ചട്ട വിരുദ്ധമായി പാട്ട കിഴിവ് നൽകി.

ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ബസ് സ്റ്റാന്റുകളിലെ 2020-21 വർഷത്തെ ഫീസ് പിരിവ് ശ്രീ. അബ്ദുൽ അസീസ്, അരിമ്പ്ര എന്നയാൾക്ക് 125500/- രൂപക്ക് പാട്ടത്തിന് നൽകിയിരുന്നു. പാട്ടക്കാരൻ 10.03.2020-ലെ 119040114400 രസീതി പ്രകാരം ആദ്യ ഗഡു 76155/- രൂപയും ആയതിന്റെ ജി.എസ്.ടി 23845/- രൂപയും ഉൾപ്പടെ 100000/- രൂപ അടവാക്കുകയും ചെയ്തു. കോവിഡ് 19 സാഹചര്യത്തിൽ ബസ്സുകൾ ഓടാത്തതിനാൽ സ്റ്റാന്റുകളിലെ ഫീസ് പിരിവ് നടത്താൻ കഴിയില്ലെന്നും അടവാക്കിയ തുക തിരികെ നൽകണമെന്നും ആവശ്യപ്പെട്ടുകൊണ്ട് പാട്ടക്കാരൻ അപേക്ഷ നൽകി (ഫയൽ നമ്പർ A4/5766/2020). ടിയാന്റെ അപേക്ഷ പരിശോധിച്ച്, ബസ്സുകൾ ഓടാത്തതിനാൽ സ്റ്റാന്റുകളിലെ ഫീസ് പിരിവ് നടക്കുന്നില്ലെന്ന് ബോധ്യപ്പെട്ടതിനാൽ അഡ്വാൻസ് തുക തിരികെ നൽകുന്നതിന് 1.10.2020-ലെ 16/1 നമ്പർ തീരുമാന പ്രകാരം ഭരണ സമിതി അനുമതി നൽകി. തുടർന്ന് 20.10.2020- ൽ ടിയാൻ അടവാക്കിയതിലെ ജി.എസ്.ടി കിഴിച്ചുള്ള 76155/- രൂപ തിരികെ നൽകിയിട്ടുണ്ട്.

1998-ലെ കേരള പഞ്ചായത്ത് രാജ് (കരാറുകാർക്കും പാട്ടക്കാർക്കും കിഴിവ് അനുവദിക്കൽ) ചട്ടങ്ങൾ , ചട്ടം 5(4) പ്രകാരം പതിനായിരം രൂപക്ക് മുകളിൽ കിഴിവനുവദിക്കുന്നതിന് സർക്കാറിൽ നിന്നും മുൻകൂർ അനുമതി ലഭ്യമാക്കേണ്ടതാണ്. സർക്കാറിൽ നിന്നും മുൻകൂർ അനുമതി വാങ്ങാതെ 101655/-രൂപയുടെ [തിരിച്ച് നൽകിയ 76155 + അടവാക്കാൻ ബാക്കിയുള്ള 25500] പാട്ട കിഴിവ് നൽകിയത് ക്രമ പ്രകാരമല്ല. കോവിഡിന്റെ പ്രത്യേക സാഹചര്യത്തിലാണ് ഇപ്രകാരമൊരു നടപടി സ്വീകരിക്കേണ്ടി വന്നതെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കിട്ടുണ്ട്.
ക്രമ പ്രകാരമല്ലാതെ പാട്ട കിഴിവ് നൽകിയതിന്മേൽ സർക്കാറിൽ നിന്നും സാധൂകരണം ലഭ്യമാക്കേണ്ടതാണ്.

[ഓഡിറ്റ് എൻക്വയറി 12/09.08.2021]

## 1-14 കാലഹരണപ്പെട്ട റവന്യൂ ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്.

കേരള ഫിനാൻഷ്യൽ കോഡ് വോള്യം I, ആർട്ടിക്കൾ 282 പ്രകാരം റവന്യൂ ഡിപ്പോസിറ്റുകൾ ഫേം പിരിയേഡ് കഴിഞ്ഞ് മൂന്ന് വർഷത്തിനകം ക്ലൈം ചെയ്യേണ്ടതും, അല്ലാത്തപക്ഷം ആയത് കാലഹരണപ്പെടുന്നതും, തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതുമാണ്. എന്നാൽ വിവിധ ഇനങ്ങളിലായി പഞ്ചായത്തിൽ അടവാക്കിയിട്ടുള്ളതും, കാലഹരണപ്പെട്ടതുമായ റവന്യൂ ഡിപ്പോസിറ്റുകൾ സമയ ബന്ധിതമായി തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല. ഓരോ ഹെഡിലേയും ഡിപ്പോസിറ്റുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | Contractors EMD | 117406 |
| | | |

| | | |
|---|---|---|
| 2 | Suplpliers EMD | 220034 |
| 3 | Bidders EMD | 3385471 |
| 4 | Suplpliers SD | 171227 |
| 5 | Bidders SD | 300000 |
| 6 | Other Deposits | 1527567 |
| 7 | Other Deposits (Revenue) | 247126 |

മേൽ റവന്യൂ ഡിപ്പോസിറ്റുകളുടെ രജിസ്റ്ററുകൾ പരിശോധിച്ചതിൽ 2011-ന് മുമ്പുള്ള ഡിപ്പോസിറ്റുകൾ ഉൾപ്പെടെയുള്ള തുകകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടാനവശേഷിക്കുന്നു. ആയത് മൂലം സ്ഥാപനത്തിന്റെ വാർഷിക ധനകാര്യപത്രികയിൽ തെറ്റായ ബാധ്യതയാണ് രേഖപ്പെടുത്തുന്നത്. കാലഹരണപ്പെട്ട റവന്യൂ ഡിപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിന് 08/08/2019 ലെ 2 നമ്പർ പ്രകാരം തീരുമാനമെടുത്തിരുന്നെങ്കിലും ആയത് നടപ്പിലാക്കിയിട്ടില്ല. കാലഹരണപ്പെട്ട റവന്യൂ ഡിപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 ദുരിന്ത നിവാരണം- അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള പ്രൊജക്ടുകൾ നടപ്പിലാക്കേണ്ടതാണ്.

പ്രകൃതിക്ഷോഭങ്ങളും കാലാവസ്ഥ വ്യതിയാനവും വെള്ളപ്പൊക്കം, വരൾച്ച, ഉരുൾപ്പൊട്ടൽ തുടങ്ങിയ പ്രകൃതി ദുരന്തങ്ങൾമൂലമുണ്ടാവുന്ന അസാധാരണ സാഹചര്യങ്ങൾ നേരിടുന്നതിനും, ദുരന്ത പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും, GO(Ms)No.156/2019/LSGD തിയ്യതി.04/12/2019, GO(Ms)No.14/2020/LSGD തിയ്യതി.14.01.2020 പ്രകാരം സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

ഭൂമിശാസ്ത്ര പരമായി പ്രകൃതി ദുരന്ത സാധ്യത ഏറെയുള്ള വണ്ടൂർ ഗ്രാമ പഞ്ചായത്ത് പ്രസ്തുത സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തദ്ദേശ സ്ഥാപനത്തിലെ പൊതു വിവരങ്ങളും, ദുരന്ത സാധ്യതകളും, പഞ്ചായത്തിലെ വിഭവ ശേഷിയും ദുരന്ത ലഘൂകരണ പ്രൊജക്ടുകളും ഉൾപ്പെടുത്തി "ദുരന്ത നിവാരണ ആസൂത്രണ രേഖ" തയ്യാറാക്കിയിട്ടുണ്ട്.

പ്രകൃതി ദുരന്തമുണ്ടാവുകയാണെങ്കിൽ ആയതിന്റെ ആഘാതം കുറക്കുന്നതിനും, ദുരിതാശ്വാസം ക്യാമ്പുകൾ ആയി ഉപയോഗപ്പെടുത്താവുന്ന സ്കൂളുകൾ ഉൾപ്പടെയുള്ള പൊതു കെട്ടിടങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കുന്നതിനുൾപ്പടെയുള്ള ഏറ്റെടുക്കേണ്ട പ്രൊജക്ട് നിർദ്ദേശങ്ങൾ ദുരന്ത നിവാരണ ആസൂത്രണ രേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ 2020-21, 2021-22 വർഷങ്ങളിലെ വാർഷിക പദ്ധതികളിലൊന്നും ഈ പ്രൊജകടുകൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. പ്രസ്തുത പദ്ധതികൾ നടപ്പാക്കുന്നതിന് പ്രത്യേക പരിഗണന നൽകേണ്ടതാണ്. പരാമർശം പഞ്ചായത്ത് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-16 പുതിയ എൽ ഇ ഡി ബൾബുകൾ സ്ഥാപിക്കൽ പദ്ധതി- അപാകതകൾ

പ്രോജക്റ്റ് നം. 15/21

പുതിയ എൽ ഇ ഡി ബൾബുകൾ സ്ഥാപിക്കൽ പദ്ധതി

വിനിയോഗിച്ച തുക – 19,97,566 രൂപ (തനത് ഫണ്ട് )

വൗച്ചർ നം. 22000550/28.08.2020 – 19,61,894

വൗച്ചർ നം. 22000551/28.08.2020 – 35,672

പദ്ധതി പ്രകാരം അക്രഡിറ്റഡ് ഏജൻസിയായ ആർട്ട്കോ(ആർട്ടിസാൻ ഡവലപ്പ്മെന്റ് കോ ഓപ്പറേറ്റീവ് ലിമിറ്റഡ് ,കേരള )മുഖേന Street Light Diecast Aluminium 25W 626 എണ്ണം പുതിയതായി സ്ഥാപിക്കുകയാണ് പദ്ധതി പ്രകാരം ചെയ്തിട്ടുള്ളത്.പദ്ധതി സംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) വണ്ടൂർ,വാണിയമ്പലം,തിരുവാലി,മമ്പാട്,നിലമ്പൂർ കെ എസ് ഇ ബി ഡിവിഷനുകളിൽ ഉൾപ്പെട്ട തെരുവുവിളക്കുകളാണ്. വിവിധ വാർഡുകളിൽ ഉള്ളത്.ഈ ഡിവിഷനുകൾക്ക് കീഴിൽ എത്ര ലൈറ്റുകൾ പ്രവർത്തിക്കുന്നുണ്ട് എന്നത് സംബന്ധിച്ച കൃത്യമായ വിവരം ഗ്രാമപഞ്ചായത്തിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിനു മുൻപ് ഉണ്ടായിരുന്നില്ല.

കെ എസ് ഇ ബിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി വിവര ശേഖരണം നടത്തുവാൻ സർക്കാർ നിർദ്ദേശമുള്ളതാണെങ്കിലും ആയത് നടത്തിയിട്ടില്ല(ഗവ.സർക്കുലർ നം.3055/ഡി.എ.3/2011/തസ്വഭവ തി.15.09.2011).

ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ 2017-18 കാലയളവിൽ രേഖപ്പെടുത്തിയ വിവരങ്ങൾ മാത്രമാണ് ഉള്ളത്.ആയതിൽ തന്നെ ആകെ 23 വാർഡുകളിൽ 15,18,19,20 21,22,വാർഡുകളിലെ വിവരങ്ങൾ ഇല്ല.2018-19 ൽ രണ്ട് പ്രോജക്റ്റുകളിലായി 6,94,560 രൂപ (4,94,790 + 1,99,770) ചെലവുചെയ്ത് 1042 എണ്ണം തെരുവ് വിളക്കുകൾ(സി എഫ് എൽ ലാമ്പുകൾ) നന്നാക്കിയിട്ടുണ്ട്.എന്നാൽ ഇതു സംബന്ധിച്ച വിവരങ്ങൾ ഒന്നും തന്നെ രജിസ്റ്ററിൽ രേഖപ്പെടുത്തിയില്ല.(പ്രസ്തുത പ്രോജക്റ്റുകൾ 2019-20 ൽ സ്പിൽ ഓവറായി നടപ്പിലാക്കിയവയാണ്. പദ്ധതികൾ മോണിറ്ററിംഗ് നടത്തുയിട്ടില്ല. കെ എസ് ഇ ബി യിൽ നിന്നും പ്രവർത്തി പൂർത്തീകരിച്ചതിന്റെ സാക്ഷ്യപത്രവും ലഭിച്ചിട്ടില്ല.)2019-20 വർഷത്തിൽ നടപ്പിലാക്കിയ 'പുതിയ എൽ ഇ ഡി ബൾബുകൾ സ്ഥാപിക്കൽ പദ്ധതി' പ്രകാരം നടപ്പിക്കായ പദ്ധതി പ്രകാരമുള്ള വിവരങ്ങളും രജിസ്റ്ററിൽ ചേർത്തിട്ടില്ല.

കൂടാതെ,ഈ പദ്ധതി പ്രകാരം സ്ഥാപിച്ച തെരുവുവിളക്കുകളുടെ വിവരവും രജിസ്റ്ററിൽ ചേർത്തിട്ടില്ല.വ്യക്തമായ വിവരശേഖരണം നടത്താതെയാണ് പ്രോജക്റ്റ് നടപ്പാക്കിയിട്ടുള്ളത്.മേൽ പ്രോജക്റ്റുകളുടെ കരാർ കാലാവധി തീർന്ന് ഒരുവർഷം കഴിഞ്ഞ് ഉടൻ 2019-20 വർഷത്തെ 'പുതിയ എൽ ഇ ഡി ബൾബുകൾ സ്ഥാപിക്കൽ' പദ്ധതിയുടെ തുടർച്ചയായി പുതിയ പ്രോജക്റ്റ് നടപ്പിലാക്കുകയായിരുന്നു.

2)കെ എസ് ഇ ബിയുടെ ഇലക്ട്രിക് പോസ്റ്റുകളിലാണ് പുതിയ എൽ ഇ ഡി ലൈറ്റുകൾ സ്ഥാപിച്ചതെങ്കിലും കെ എസ് ഇ ബിക്ക് ഇതു സംബന്ധിച്ച് അറിയിപ്പുനൽകിയിട്ടില്ല. കെ എസ് ഇ ബിയിൽ നിന്നും ക്ലിയറൻസ് വാങ്ങിയ ശേഷം മാത്രമേ സപ്ലേ ഓർഡർ നൽകാവൂ എന്ന് സ.ഉ(സാധാ)നം.3140/2015/തസ്വഭവ തി.16.10.2015 പ്രകാരം നിഷ്കർഷിച്ചിട്ടുള്ളതാണ്.ആയത് പാലിച്ചിട്ടില്ല. കെ എസ് ഇ ബി യിൽ നിന്നും പ്രവർത്തി പൂർത്തീകരിച്ചതിന്റെ സാക്ഷ്യപത്രവും ലഭിച്ചിട്ടില്ല.

3)വാർഡ് മെമ്പർമാർ സമർപ്പിച്ച വിവരത്തിന്റെ അടിസ്ഥാനത്തിലാണ് സ്ഥാപനത്തിന് തുക നൽകിയിട്ടുള്ളത്.ആയതിൽ പ്രകാരം ഓരോ വാർഡിലും 25 എണ്ണം വീതം 575 എണ്ണമാണ് സ്ഥാപിച്ചത് എന്നാണ് റിപ്പോർട്ട് ചെയ്യപ്പെട്ടത്.കൂടാതെ 5,7,12,23 വാർഡുകളിൽ യഥാക്രമം 5 വീതവും ,19 ൽ 8 ഉം വീണ്ടും സ്ഥാപിച്ചതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.626ൽ അവശേഷിച്ച 23 എണ്ണം എവിടെ സ്ഥാപിച്ചുവെന്ന് വ്യക്തമല്ല..സ്ഥാപനത്തിന്റെ കണക്ക് പ്രകാരം 626 എണ്ണമാണ് സ്ഥാപിച്ചിട്ടുള്ളത്.

വാർഡ് 2,3,4,6,11,13,15.16,18,19,20,22 വാർഡുകളിലെ മെമ്പർമാർ 25 സി എഫ് എൽ മാറ്റി സ്ഥാപിച്ചുവെന്നാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്.തെരുവുവിളക്കുകളുടെ പരിപാലനം സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015 ലെ ജി2-44274/16 നം. കത്തിൽ പരാമർശിച്ചതിൽ പ്രകാരം കേടായ സാധനങ്ങൾ അതാത് ദിവസം തന്നെ തിരികെ കൊണ്ടുവന്ന് രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതാണ്. എന്നാൽ പ്രസ്തുത കേടായ ലൈറ്റുകൾ മാറ്റിയ തൽസ്ഥാനത്ത് പ്രവർത്തിച്ചു കൊണ്ടിരുന്ന സി എഫ് എൽ ബൾബുകൾ എന്തു ചെയ്തുവെന്ന് മറുപടിയിൽ വ്യക്തമാക്കേണ്ടതാണ്.പദ്ധതി മോണിറ്ററിംഗ് നടത്തുയിട്ടുമില്ല.

4)സ്ഥാപനവുമായി ഒപ്പുവെച്ച ഉടമ്പടിയിൽ തീയ്യതി രേഖപ്പെടുത്തിയിട്ടില്ല.സെക്രട്ടറി ഒപ്പുവെച്ചിട്ടുമില്ല. എത്ര മാസത്തെ വാറണ്ടി സ്ഥാപനം നൽകുന്നുണ്ട്എന്നും വ്യക്തമല്ല.വാറണ്ടി പിരീഡിൽ തെരുവുവിളക്കുകൾക്ക് ഉണ്ടാകുന്ന സാങ്കേതിക തകരാറുകൾ സ്ഥാപനം പരിഹരിക്കേണ്ടതാണ്.ഈ ആവശ്യം മുൻനിർത്തി പൊതുജനങ്ങൾക്ക് പദ്ധതി നടത്തിപ്പ് സംബന്ധിച്ച് പരാതികള് നൽകുന്നതിനായി ഗ്രാമപഞ്ചായത്തിൽ പരാതി പുസ്തകം സൂക്ഷിക്കണം എന്ന് ജി2-44274/2015 തി. 17.08.2015 പ്രകാരം നിർദ്ദേശമുള്ളതാണ്. ആയതും പാലിച്ചിട്ടില്ല.

അപാകതകൾക്ക് കാരണം ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കും(നം. 11/09.08.21) മറുപടി ലഭ്യമാക്കിയിട്ടില്ല.ചെലവുതുക 19,97,566 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-17 രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല- 99600/- രൂപയുടെ ചെലവ് തടസം ചെയ്യുന്നു.

2020-21 വർഷത്തിൽ ഹെഡ് മാസ്റ്റർ നിർവ്വഹണം നടത്തിയ ചുവടെ ചേർത്തിട്ടുള്ള പ്രൊജക്റ്റിന്റെ ചെലവ് രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| പ്രൊജക്റ്റ് | തുല്യതാ പരീക്ഷ (23/2021) |
| അടങ്കൽ/ ചെലവ് | 100000/99600 |
| ഫണ്ട് | വികസന ഫണ്ട് (ജനറൽ) |

ക്വാറന്റയിൻനിൽ ആയതിനാൽ രേഖകൾ ഓഡിറ്റ് സമയത്ത് ഹാജരാക്കാൻ കഴിയില്ലെന്ന് നിർവ്വഹണ ഉദ്യോഗസ്ഥനായ ഹെഡ് മാസ്റ്റർ ഫോൺ മുഖേന അറിയിച്ചിട്ടുണ്ട്. ജില്ലാ ഓഡിറ്റ് കാര്യാലയവുമായി ബന്ധപ്പെട്ട് രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. 99600/- രൂപയുടെ ചെലവ് തടസം ചെയ്യുന്നു.

ഓഡിറ്റ് റിക്വസിഷൻ നൽകിയിട്ടുണ്ട്.

## 1-18 പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല.

സെക്രട്ടറി മുഖേന 2020-2021 വർഷത്തിൽ തനത്ഫണ്ടിൽ നിന്നും താഴെ പറയുന്ന ഇനങ്ങൾക്ക് തുക നൽകിയിട്ടുണ്ട്

| ക്രമ നം. | വൗച്ചർനം./തീയ്യതി | തുക | ചെലവിന്റെ വിശദവിവരം | റിമാർക്ക്സ് |
|---|---|---|---|---|
| 1 | 22000173/18.05.2020 | 3433 | വണ്ടൂർ-മീമ്പാട്ടുകുന്ന് റോഡിൽ പണിക്ക് തടസ്സമായി നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് കെ എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ വണ്ടൂരിന് നൽകിയ തുക. | പൂർത്തീകരണ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. |
| 2 | 22000180/ 22.05.2020 | 12,595 | ഗേൾസ് ഹൈസ്കൂൾ-വൈക്കാത്തോട് ഡ്രൈനേജ് പുനരുദ്ധാരണ പ്രവൃത്തിക്ക് തടസ്സമായി നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് കെ എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ വണ്ടൂരിന് നൽകിയ തുക. | പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്. |
| 3 | 22000235/ 08.06.2020 | 27,897 | കാപ്പിച്ചാൽ- ആർപൊയിൽ റോഡ് നിർമ്മാണം ,കാപ്പിച്ചാൽ-പനംകുറ്റി അയ്യപ്പൻ റോഡ് കോൺക്രീറ്റിംഗ് എന്നീ പ്രവൃത്തികൾക്ക് തടസ്സമായി നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് കെ എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ വണ്ടൂരിന് നൽകിയ തുക. | പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്. |
| 4 | 22000560/ 09.09.2020 | 15,520 | 7-ാം വാർഡ് വരമ്പൻകല്ല് പ്രദേശത്തെ സാക്ഷരതാപടിപാടം റോഡ് കോൺക്രീറ്റ് ചെയ്യുന്നതിന് റോഡിന് മദ്ധ്യയുള്ള ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് കെ എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ വാണിയമ്പലത്തിന് നൽകിയ തുക. | പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്. |

| | | | | |
|---|---|---|---|---|
| 5 | 22000619/ 30.09.2020 | 10,399 | 21-ാം വാർഡിലെ ചെമ്പോത്ത്പ്പൊയിൽറോഡ് കോൺക്രീറ്റ് ചെയ്യുന്നതിന് പാലം നിർമ്മാണത്തിന് തടസ്സമായി നിന്ന ഇലക്ടിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് കെ എസ് ഇ ബി ഇലക്ടിക്കൽ സെക്ഷൻ തിരുവാലിക്ക് നൽകിയ തുക | പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്. |
| 6 | 22000704/ 23.10.2020 | 9,263 | ഷാരിയിൽ കുടിവെള്ളപദ്ധതിയുടെ വൈദ്യുതി ചാർജ് കെ എസ് ഇ ബി ഇലക്ടിക്കൽ സെക്ഷൻ വണ്ടൂരിൽ അടവാക്കിയത്. | ഗുണഭോക്തൃസമിതിക്ക് കൈമാറിയ കുടിവെള്ളപദ്ധതിയുടെ വൈദ്യുതി ചാർജ് അടവാക്കാനിടയായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്. |
| 7 | 22001037/ 27.01.21 | 18,315 | ഭൂജലവകുപ്പ് ജില്ലാ ഓഫീസ്,മലപ്പുറത്തിന് 9 സ്ഥലങ്ങളിൽ ഭൂജല സർവ്വേ നടത്തുന്നതിന് നൽകിയത്. | പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്. |
| 8 | 22001055/ 27.01.21 | 10,000 | പൾസ് പോളിയോ ഇമ്മ്യൂണൈസേഷനു വേണ്ടി മെഡിക്കൽ ഓഫീസർ സി എച്ച് സിക്ക് നൽകിയ തുക | ചെലവുരേഖകൾ വേണം |
| 9 | 22001170/ 23.02.21 | 10,075 | ഭൂജലവകുപ്പ് ജില്ലാ ഓഫീസ്,മലപ്പുറത്തിന് പ്രോജക്റ്റ് നം.91,267,271,428,449 പദ്ധതികളുടെ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനായി നൽകിയ തുക(മേൽ പദ്ധതി പിന്നീട് നടപ്പിലാക്കുകയുണ്ടായില്ല) | ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമായതിന്റെ വിവരം |
| 10 | 22001264/19.03.2021 | 9807 | വാർഡ് 6 ൽ ഏമങ്ങാട് റോഡ് വീതികൂട്ടുന്നതിന്റെ ഭാഗമായി റോഡ് സൈഡിലുള്ള ഇലക്ടിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് കെ എസ് ഇ ബി ഇലക്ടിക്കൽ സെക്ഷൻ വാണിയമ്പലത്തിന് നൽകിയ തുക. | പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്. |
| 11 | 22001273/19.03.2021 | 18,000 | സാക്ഷരതാ പ്രേരക് സജിത വിക്ക്(തുടർ | തുക ക്രമീകരിച്ചതിന്റെ വിവരം |

| | | | | |
|---|---|---|---|---|
| | | | വിദ്യാകേന്ദ്രം,വണ്ടൂർ)2020 ഡിസംബർ,2021 ജനവരി മാസങ്ങളിൽ ഓണറ്റേറിയം തനത് ഫണ്ടിൽ നിന്നും നൽകിയ തുക | ലഭ്യമാക്കേണ്ടതാണ്. |
| 12 | 22000105/ 27.04.2020 | 2,30,000 | മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്ക് മെഡിക്കൽ ഓഫീസർ (സി എച്ച് സി)ക്ക് നൽകിയ തുക | ചെലവുരേഖകൾ വേണം |
| | ആകെ | 3,75,304 | | |

അപാകതകൾ പരാമർശിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം.6/06.08.21)മറുപടിയിൽ രേഖകൾ ലഭ്യമാക്കുന്നതാണെന്നറിയിച്ചു.അതുവരെയും വിവിധ ഇനങ്ങളിലായി ചെലവഴിച്ച 3,75,304 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-19 അഗതിരഹിത കേരളം പദ്ധതി പുരോഗതി നേടിയില്ല.

2018-19 മുതൽ 2020-21 കൂടിയ വർഷങ്ങളിലായി നടപ്പിലാക്കേണ്ട വണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ അഗതിരഹിത കേരളം പ്രൊജക്റ്റിന് കുടുമ്പശ്രീ എക്സിക്യൂട്ടീവ് ഡയറക്റ്ററുടെ 29.01.2019 ലെ KS/L/7292/18 ഉത്തരവ് പ്രകാരമാണ് അനുമതി ലഭ്യമായത്. ചലഞ്ച് ഫണ്ട് 3159950 രൂപയും വികസനഫണ്ട് 14950000 രൂപയുമടക്കം ആകെ 18109950 രൂപയാണ് അടങ്കൽ. ചലഞ്ച് ഫണ്ടിന്റെ ഒന്നാംഗഡു 1053317 രൂപയിൽ ആശ്രയ പദ്ധതിയിൽ അവശേഷിക്കുന്ന 530084 രൂപ കഴിച്ച് 523233 രൂപയും രണ്ടാം ഗഡു 1053317 രൂപയും ഗ്രാമപഞ്ചായത്തിന് അനുവദിച്ച് നൽകുന്നുണ്ട്. 2018-19 മുതൽ 2020-21 ഉൾപ്പെടെ ഈ പ്രൊജക്റ്റിന്റെ നടത്തിപ്പിനു ലഭ്യമായ തുകയുടെയും ആയതിന്റെ വിനിയോഗത്തിന്റെയും സംക്ഷിപ്തം താഴെ ചേർക്കുന്നു.

| ലഭ്യമായ ഫണ്ട്. | |
|---|---|
| ആശ്രയയിലെ ബാലൻസ് തുക | 877007 |
| ചലഞ്ച് ഫണ്ട്. 2019-20 ൽ ലഭിച്ചത് | 523233 |
| ചലഞ്ച് ഫണ്ട് (2020-21 ൽ ലഭിച്ചത്) | 1053317 |
| വികസനഫണ്ട് (2020-21) | 100000 |
| ബാങ്ക് അക്കൗണ്ടിൽ ലഭ്യമായ പലിശ | 32128 |
| ആകെ | 2585685 |

| പ്രൊജക്റ്റിൽ വകയിരുത്തിയതിന്റെയും ചെലവഴിച്ചതിന്റെയും വിവരങ്ങൾ | | | |
|---|---|---|---|
| ഇനം | വർഷം | വകയിരുത്തിയത് | ചെലവഴിച്ചത് |
| ഭക്ഷണം | 2018-19 | 700600 | 0 |
| | 2019-20 | 700600 | 659186 |
| | 2020-21 | 700600 | 653791 |
| ചികിത്സ | 2018-19 | 319050 | 00 |
| | 2019-20 | 319050 | 00 |
| | 2020-21 | 319050 | 00 |
| വിദ്യാഭ്യാസം | 2018-19 | 34000 | 00 |
| | 2019-20 | 34000 | 00 |
| | 2020-21 | 33000 | 00 |
| വീട് റിപ്പയർ | 2018-19 | 800000 | 00 |
| സ്ഥലം വാങ്ങൽ | 2018-19 | 150000 | 00 |
| വീട് നിർമ്മാണം | 2018-19 | 14000000 | 00 |
| ആകെ | | 18109950 | 1312977 |

പ്രൊജക്റ്റിന്റെ നിർവ്വഹണം വിലയിരുത്തുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ കണ്ടെത്താവുന്നതാണ്.

1. ഭക്ഷണം , ചികിത്സ , വിദ്യാഭ്യാസം, സ്ഥലം വാങ്ങൽ, വീട് നിർമ്മാണം, വീട് റിപ്പയർ എന്നിവക്ക് വേണ്ടി വകയിരുത്തിയ 18109950 രൂപയിൽ 1312977 രൂപ (7.25%) മാത്രമാണ് പ്രൊജക്റ്റ് കാലയളവിൽ ചെലവഴിച്ചത്.

2. അഗതിരഹിത കേരളം അക്കൗണ്ടിൽ ഈ കാലയളവിൽ ആകെ ലഭ്യമായ 2585685 രൂപയുടെ 50.77 % മാത്രമാണ് ചെലവഴിച്ചത്.

3. അക്കൗണ്ടിൽ 31.03.2021 ൽ 1281826 രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു.

4. അഗതികൾക്ക് പ്രൊജക്റ്റ് പ്രകാരം നൽകേണ്ട സേവനങ്ങളിൽ ഭക്ഷണം മാത്രമാണ് നൽകിയത്.

5. അഗതി കുടുംബങ്ങളിൽ 35 ഗുണഭോക്താക്കൾ ഭവനനിർമ്മാണ ധനസഹായവും 8 ഗുണഭോക്താക്കൾ ഭവനറിപ്പയർ ധനസഹായവും ഒരാൾ ഭൂമിവാങ്ങൽധനസഹായവും ലഭിക്കാൻ അർഹരാണ്. ഈ ഘടകങ്ങളിലെ മുഴുവൻ തുകയും പദ്ധതിയുടെ ആദ്യവർഷം തന്നെ ചെലവഴിക്കാൻ വകയിരുത്തിയതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് 2019-20 ൽ അഗതി രഹിത കേരളം - ആശ്രയ കുടുംബങ്ങൾക്കുള്ള പ്രത്യേക പദ്ധതി ( 18/20) എന്ന പ്രൊജക്റ്റിൽ ആകെ 100000 രൂപ മാത്രമാണ് വകയിരുത്തിയത്. അത് തൻവർഷം ചെലവഴിച്ചില്ല. 2020-21 ൽ സ്പിൽ ഓവർ ആയി (16/21) പ്രൊജക്റ്റ് വെച്ച് വൗച്ചർ നമ്പർ 22001136/02.02.2021 പ്രകാരം തുക പിൻവലിച്ച് കുടുംബശ്രീക്ക് നൽകി. എന്നാൽ സ്ഥലം വാങ്ങൽ, വീട് നിർമ്മാണം, വീട് റിപ്പയർ എന്നീ ഇനങ്ങളിൽ മാത്രമാണ് വികസനഫണ്ട് വകയിരുത്തിയത്.

പദ്ധതി പുരോഗതി ആശാവഹമല്ല. ആയതിനു പ്രത്യേക കാരണങ്ങൾ ഉണ്ടെങ്കിൽ വിശദമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമായിട്ടില്ല.
പദ്ധതിയിലെ തുടർപ്രവർത്തനങ്ങൾക്കും അവശേഷിക്കുന്ന ഫണ്ടിന്റെ വിനിയോഗത്തിനും സർക്കാറിന്റെ തുടർ അനുമതി തേടേണ്ടതാണ്.

## 1-20 ഹോമിയോ മരുന്ന് ലഭ്യമായില്ല.

2020-21 വർഷം റോഡിതര സംരക്ഷണ ഗ്രാന്റ് 50000രൂപ വകയിരുത്തിയ 6/21 ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ എന്ന പ്രൊജക്റ്റിൽ പണം നൽകി മാസങ്ങൾ കഴിഞ്ഞിട്ടും ഇത് വരെ മരുന്ന് ലഭ്യമായിട്ടില്ല. കേരള സ്റ്റേറ്റ് ഹോമിയോ കോപ്പറേറ്റീവ് ഫാർമസിക്ക് ബിൽ നമ്പർ 56535/18.01.2021പ്രകാരമാണ് തുക നൽകിയത്. മരുന്ന് ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നമ്പർ 2/4.8.2021 നൽകിയിട്ടുണ്ട്.

## 1-21 അനുപൂരക പോഷകാഹാര വിതരണം - ആവശ്യമായ ഫണ്ട് വകയിരുത്തുന്നില്ല.

അനുപൂരകപോഷകാഹാര വിതരണം പദ്ധതിക്ക് വകയിരുത്തുന്ന അടങ്കൽ പ്രൊജക്റ്റ് നിർവ്വഹണത്തിനു മതിയാകുന്നില്ല. 2019-20, 2020-21 വർഷങ്ങളിലെ ഫണ്ട് ആവശ്യകത സംബന്ധിച്ച് ഐസിഡിഎസ് സൂപ്പർവൈസർ ലഭ്യമാക്കിയ കണക്കുകൾ പ്രകാരം ഈ രണ്ട് വർഷങ്ങളിലും പോഷകാഹാരവിതരണ പ്രൊജക്റ്റുകളിൽ മതിയായ തുക വകയിരുത്താത്തതിനാൽ അതാത് വർഷങ്ങളിലേക്ക് വാങ്ങിയ ഭക്ഷ്യ വസ്തുക്കളുടെ വില തൻവർഷം നൽകാനായില്ല എന്ന് വ്യക്തമാകുന്നു. അനുപൂരക പോഷകാഹാര വിതരണം (ജനറൽ-84/21), (എസ്.സി-88/21) എന്നീ രണ്ട് പ്രൊജക്റ്റുകളിലും കൂടി ഈ വർഷങ്ങളിലെ അടങ്കൽ / ചെലവ് വിവരങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | 2019-20 | 2020-21 |
|---|---|---|
| വകയിരുത്തിയ തുക | 7500000 | 6405000 |
| ഇൻവോയിസുകൾ പ്രകാരം വാങ്ങിയ ഭക്ഷ്യ വസ്തുക്കളുടെ വില തൻവർഷം നൽകേണ്ടത്. (മുൻ ബാലൻസ് ഉൾപ്പെടെ) | 7210000 | 8534030 |
| ഭക്ഷ്യ വസ്തുക്കളുടെ വിലയിൽ തൻവർഷം നൽകിയ തുക | 5865879 | 6405000 |
| ബാലൻസ് | 1344121 | 2129030 |

2019-20 ൽ വകയിരുത്തിയെ 75 ലക്ഷം രൂപയിൽ 40 ലക്ഷം രൂപ കേന്ദ്രാവിഷ്കൃത വിഹിതമായിരുന്നു. എന്നാൽ ലഭ്യമായ കേന്ദ്രാവിഷ്കൃത വിഹിതം 2406904 രൂപ മാത്രമായിരുന്നു.

പ്രൊജക്റ്റ് തയ്യാറാക്കുമ്പോൾ ആവശ്യമായി വരുന്ന സാമ്പത്തിക ചെലവ് കണക്കാക്കിയിരുന്നോ എന്നും ആയത് സാമൂഹ്യനീതി വർക്കിംഗ് ഗ്രൂപ്പും, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും പ്രൊജക്റ്റ് രൂപീകരണ നിർവ്വഹണ ഘട്ടങ്ങളിൽ പരിഗണിച്ചിരുന്നോ എന്നും അടങ്കൽ പരിഗണിക്കാതെ പർച്ചേസ് നടത്തുന്നതിന് അടിയന്തിര സാഹചര്യം ഉണ്ടായിരുന്നതായി ICDS സൂപ്പർവൈസർ റിപ്പോർട്ട് ചെയ്തിരുന്നോയെന്നുമുള്ള വിവരങ്ങൾ രേഖാമൂലം ആവശ്യപ്പെട്ടിരുന്നു.

സൂപ്പർ വൈസർ നൽകിയ മറുപടി പ്രകാരം 2021-22 വർഷത്തിലും ഇതേ അവസ്ഥ തന്നെയാണ്. 2021-22 വർഷത്തെ പദ്ധതി അടങ്കൽ 55,00,000 രൂപയാണ്. 90,00,000 രൂപ ആവശ്യമാണെന്ന കണക്ക് സൂപ്പർ വൈസർ ഹാജരാക്കിയിട്ടുണ്ട്. മുൻവർഷ ബാധ്യത തീർക്കേണ്ടത് കൂടി പരിഗണിച്ച് ആവശ്യമാണെങ്കിൽ പദ്ധതി റിവൈസ് ചെയ്യേണ്ടതാണ്.

## 1-22 പ്രവൃത്തി വൈകി പൂർത്തിയാക്കിയതിന് പിഴ ഈടാക്കിയില്ല

നി.ഉദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ.

(A) GO(P) 13/2012/PWD/01-02-2012 പ്രകാരമുള്ള കേരളപൊതുമരാമത്ത് മാന്വലിലെ സെക്ഷൻ 2005,2112 എന്നിവ പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത കാലാവധിക്കകം പൂർത്തീകരിക്കാൻകഴിയാതെ വരികയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ കരാറുകാർ AE മുഖേന കരാർ കാലാവധി തീരുന്നതിന്ന് മുമ്പായി, അപേക്ഷിക്കേണ്ടതും നിർവ്വഹണോദ്യോഗസ്ഥൻ ഇക്കാര്യത്തിൽ തീരുമാനമെടുത്ത് പ്രവൃത്തിയുടെ ഒറിജിനൽ സമയത്തിന്റെ 25 % ഗ്രേസ് പിരീഡ് ആയി അനുവദിക്കാവുന്നതുമാണ്.

(B) കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ, കരാറുകാർ നിർവ്വഹണോദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും പ്രസ്തുത അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി, PAC യുടെ 1 % പിഴ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25 % വരെ (പരമാവധി 6 മാസം, ഏതാണോ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ച് നൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ, 2 % പിഴ ഈടാക്കണം. എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണസമയത്തിന്റെ 50 % ൽ അധികരിക്കാവുന്നതല്ല.

(C) തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18-8-2018 ലെ എ സി 2/223/15 ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാലുള്ള പിഴ ആദ്യത്തെ 3 മാസക്കാലയളവിന് 1 % നിരക്കിലും തുടർന്നുള്ള ഓരോ 3 മാസത്തിനും 2 % നിരക്കിലും ഈടാക്കണമെന്ന് നിർദ്ദേശിച്ചിട്ടുമുണ്ട്.

എന്നാൽ, താഴെ പറയുന്ന പ്രവൃത്തികൾ കരാർ പ്രകാരമുള്ള പൂർത്തീകരണ കാലാവധിക്കുള്ളിൽ പൂർത്തീകരിച്ചിട്ടില്ല. ദീർഘീകരണത്തിനുള്ള അപേക്ഷ കരാറുകാർ AE മുഖേന നൽകുകയോ കാലാവധി ദീർഘിപ്പിച്ച് നൽകുകയോ ചെയ്തിട്ടില്ല.കരാറുകാർ ചമച്ച കരാർ പ്രകാരം പൂർത്തീകരണ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലെങ്കിൽ പിഴ ഈടാക്കി മാത്രമേ പ്രവൃത്തി പൂർത്തിയാക്കാവൂ എന്ന് നിഷ്കർഷിക്കുകയും കരാറുകാർ ആയത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ താഴെ പറയും പ്രകാരം പിഴ ഈടാക്കേണ്ടതാണ്.

വിശദാംശം താഴെ കൊടുക്കുന്നു.

1) ഷാരിയിൽ അമ്പലം കുടിവെള്ളപദ്ധതി, 306/21

അടങ്കൽ: 498000 രൂപ ( CFC ഫണ്ട് )

കരാറുകാരൻ: ശ്രീ ഫൈസൽ വി എം

കരാർ: 198/AELSGD/WDR/18-19/15-3-19

കരാർ തുക: 495800 രൂപ

അളവ് പുസ്തകം: നംപർ ഇല്ല

ചെലവ്: 492580 രൂപ ( ബിൽ നംപർ 57/20-21/13-5-20)

മൂല്യനിർണ്ണയം: 492580

(-) IT 1% : 4926

WF 1%: 4926

SGST 4926

CGST 4926

കരാറുകാരന്: 472876

കരാർ കാലവധി: 5 മാസം

പൂർത്തീകരിക്കേണ്ട തീയതി: 14-8-19

( പ്രവൃത്തി തുടങ്ങുന്നത് തന്നെ 14-10-19 ൽ മാത്രമാണ് (അളവ് പുസ്തകം പേജ് 3). കാലാവധി ദീർഘിപ്പിക്കാൻ കരാറുകാരൻ അപേക്ഷിക്കുകയോ കാലാവധി ദീർഘിപ്പിച്ച് നൽകുകയോ ചെയ്തിട്ടില്ല. ആയതിനാൽ മേൽ സൂചിപ്പിച്ച (C) പ്രകാരം താഴെ പറയും പ്രകാരം പിഴ ഈടാക്കേണ്ടതാണ് )

പൂർത്തീകരിച്ച തീയതി: 2-12-19 (അളവ് പുസ്തകം പേജ് 7)

ഈടാക്കേണ്ട പിഴ:

ആദ്യ മൂന്ന് മാസം, PAC യുടെ 1% : (Minimum Rs.1000, Rs.Maximum 50000)

അടുത്ത ഓരോ മൂന്ന് മാസം: PAC യുടെ 2% : (Minimum Rs.2000, Rs.Maximum 100000)

15-8-19 To 14-11-19 1% Of PAC= 4958.00 രൂപ

15-11-19 To 2-12-19 (18 Days) 2% Of PAC= 9916 X 18/90= 1983.20 രൂപ

ആകെ 6941.20 Ie.. 6941.00 രൂപ.

2) ഖാദി കേന്ദ്രം പുനരുദ്ധാരണം 304/21

അടങ്കൽ: 300000 രൂപ ( CFC ഫണ്ട് )

കരാറുകാരൻ: ശ്രീ നൂറുൽ ഹസ്സൻ

കരാർ: 127/AELSGD/WDR/18-19/17-2-19

കരാർ തുക: 249166 രൂപ

അളവ് പുസ്തകം: 127/18-19

ചെലവ്: 291157 രൂപ ( ബിൽ നംപർ 82/20-21/10-11-20)

മൂല്യനിർണ്ണയം: (ടെണ്ടർ കുറവിന് ശേഷം) 291157

(-) IT 1% : 2912

WF 1%: 2912

SGST 2912

CGST 2912

കരാറുകാരന്: 279509

കരാർ കാലവധി: 6 മാസം

പൂർത്തീകരിക്കേണ്ട തീയതി: 16-8-19

( പ്രവൃത്തി തുടങ്ങുന്നത് തന്നെ 4-11-19 ൽ മാത്രമാണ് (അളവ് പുസ്തകം പേജ് 2). കാലാവധി ദീർഘിപ്പിക്കാൻ കരാറുകാരൻ അപേക്ഷിക്കുകയോ കാലാവധി ദീർഘിപ്പിച്ച് നൽകുകയോ ചെയ്തിട്ടില്ല. ആയതിനാൽ മേൽ സൂചിപ്പിച്ച (C) പ്രകാരം താഴെ പറയും പ്രകാരം പിഴ ഈടാക്കേണ്ടതാണ് )

പൂർത്തീകരിച്ച തീയതി: 6-3-20 (അളവ് പുസ്തകം പേജ് 12)

ഈടാക്കേണ്ട പിഴ:

ആദ്യ മൂന്ന് മാസം, PAC യുടെ 1% : (Minimum Rs.1000, Rs.Maximum 50000)

അടുത്ത ഓരോ മൂന്ന് മാസം: PAC യുടെ 2% : (Minimum Rs.2000, Rs.Maximum 100000)

17-8-19 To 16-11-19 1% Of PAC= 2491.66 രൂപ

17-11-19 To 16-2-20 2% Of PAC= 4983.32 രൂപ

17-2-20 To 6-3-20 (18 Days) 2% Of PAC= 4983.32 X 18/90= 996.60 രൂപ

ആകെ 8471.64 Ie.. 8472.00 രൂപ.

3) മെറ്റീരിയൽ കളക്ഷൻ സെന്റർ-ഭൗതികസൗകര്യമൊരുക്കൽ 419/21

അടങ്കൽ: 470000 രൂപ ( CFC ഫണ്ട് )

കരാറുകാരൻ: ശ്രീ നൂറുൽ ഹസ്സൻ

കരാർ: 112/AELSGD/WDR/19-20/20-1-20

കരാർ തുക: 419183.88 രൂപ

അളവ് പുസ്തകം: 112/20

ചെലവ്: 445458രൂപ ( ബിൽ നംപർ 163/20-21/19-3-21)

മൂല്യനിർണ്ണയം: 397730

(+) 12% Tax 47728

ആകെ 445458

(-) IT 1% : 3977

WF 1%: 3977

SGST 3977

CGST 3977

കരാറുകാരന്: 429550

കരാർ കാലവധി: 3 മാസം

പൂർത്തീകരിക്കേണ്ട തീയതി: 19-4-20

( പ്രവൃത്തി തുടങ്ങുന്നത് തന്നെ 22-7-20 ൽ മാത്രമാണ് (അളവ് പുസ്തകം പേജ് 2). കാലാവധി ദീർഘിപ്പിക്കാൻ കരാറുകാരൻ അപേക്ഷിക്കുകയോ കാലാവധി ദീർഘിപ്പിച്ച് നൽകുകയോ ചെയ്തിട്ടില്ല. ആയതിനാൽ മേൽ സൂചിപ്പിച്ച (C) പ്രകാരം താഴെ പറയും പ്രകാരം പിഴ ഈടാക്കേണ്ടതാണ് )

പൂർത്തീകരിച്ച തീയതി: 18-11-20 (അളവ് പുസ്തകം പേജ് 22)

ഈടാക്കേണ്ട പിഴ:

ആദ്യ മൂന്ന് മാസം, PAC യുടെ 1% : (Minimum Rs.1000, Rs.Maximum 50000)

അടുത്ത ഓരോ മൂന്ന് മാസം: PAC യുടെ 2% : (Minimum Rs.2000, Rs.Maximum 100000)

20-4-20 To 19-7-20 1% Of PAC= 4191.83 രൂപ

20-7-20 To 19-10-20 2% Of PAC= 8383.66 രൂപ

20-10-20 To 18-11-20 (30 Days) 2% Of PAC= 8383.66 X 30/90= 2794.55 രൂപ

ആകെ 15370.04 Ie.. 15370.00 രൂപ.

4) കാരാട് അംഗനവാടിക്ക് കുടിവെള്ളം ലഭ്യമാക്കലും സംരക്ഷണവും 314/21

അടങ്കൽ: 498000 രൂപ ( MGNR ഫണ്ട് )

കരാറുകാരൻ: ശ്രീ നൂറുൽ ഹസ്സൻ

കരാർ: 196AELSGD/WDR/18-19/15-3-19

കരാർ തുക: 497282 രൂപ

അളവ് പുസ്തകം: നംപർ ഇല്ല

ചെലവ്: 495460 രൂപ ( ബിൽ നംപർ 45/20-21/20-4-20 Rs

458666, ബിൽ നംപർ 68/20-21/18-820 Rs 36794)

മൂല്യനിർണ്ണയം: 495460
(-)Withheld Amount: 36794

Balance : 458666
(-) IT 1% : 4955

WF 1%: 4955

SGST 4955

CGST 4955

കരാറുകാരന്: 438846

കരാർ കാലവധി: 5 മാസം

പൂർത്തീകരിക്കേണ്ട തീയതി: 14-8-19

( കാലാവധി ദീർഘിപ്പിക്കാൻ കരാറുകാരൻ അപേക്ഷിക്കുകയോ കാലാവധി ദീർഘിപ്പിച്ച് നൽകുകയോ ചെയ്തിട്ടില്ല. ആയതിനാൽ മേൽ സൂചിപ്പിച്ച (C) പ്രകാരം താഴെ പറയും പ്രകാരം പിഴ ഈടാക്കേണ്ടതാണ് )

പൂർത്തീകരിച്ച തീയതി: 22-2-20(അളവ് പുസ്തകം പേജ് 15)

ഈടാക്കേണ്ട പിഴ:

ആദ്യ മൂന്ന് മാസം, PAC യുടെ 1% : (Minimum Rs.1000, Rs.Maximum 50000)

അടുത്ത ഓരോ മൂന്ന് മാസം: PAC യുടെ 2% : (Minimum Rs.2000, Rs.Maximum 100000)

15-8-19 To 14-11-19 1% Of PAC= 4972.82 രൂപ

15-11-19 To 14-2-20 2% Of PAC= 9945.64 രൂപ

15-2-20 To 22-2-20 (8 Days) 2% Of PAC= 9945.64 X 8/90= 884.05 രൂപ

ആകെ 15802.51 Ie.. 15803.00 രൂപ.

മേൽ പ്രകാരം 46586 രൂപ പിഴ ഈടാക്കാത്തത് വിശദമാക്കേണ്ടതും പിഴ അതാത് കരാറുകാരിൽ നിന്ന് ഈടാക്കി അറിയിക്കേണ്ടതുമാണെന്നാവശ്യപ്പെട്ട് നൽകിയ 7/6-8-2021 നംപർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽ പ്രകാരമുള്ള പിഴ 46586 രൂപ അതാത് കരാറുകാരിൽ നിന്നോ അല്ലാത്ത പക്ഷം കരാറുകാർക്ക് അവസാനബിൽ അനുവദിച്ച അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 1-23 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ -വാഹന വാടക അധികം നൽകി

പ്രോജക്റ്റ് നം. 483/21

വിനിയോഗിച്ച തുക – 2,81,433 രൂപ (തനത് ഫണ്ട്)

നിർവ്വഹണം - സെക്രട്ടറി

കോവിഡ് -19 രണ്ടാംഘട്ടത്തിൽ കോവിഡ് സെന്ററിന്റെ പ്രവർത്തനങ്ങൾക്കാണ് പദ്ധതി പ്രകാരം തുക വിനിയോഗിച്ചിട്ടുള്ളത്.ഗ്രാമപഞ്ചായത്തിലെ വണ്ടൂർ അമ്പലപ്പടിയിലുള്ള പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള പ്രീമെട്രിക് ഹോസ്റ്റലാണ് കോവിഡ് സെന്ററായി പ്രവർത്തിച്ചിട്ടുള്ളത്.ഇവിടെ നിന്നും 1400 മീറ്റർ മാത്രം അകലയുള്ള കുടുംബശ്രീ ഹോട്ടലിൽ നിന്നാണ് ഭക്ഷണമെത്തിച്ചുള്ളത് എന്ന് ഫയലിലുണ്ട്.ആയതിൽ താഴെ പറയുന്ന വൗച്ചറുകൾ പ്രകാരം വാഹന വാടക ശ്രീ.അസൈൻ എം കാപ്പിൽ എന്നവർക്ക് വാഹന വാടക (ഓട്ടോറിക്ഷ )ഇനത്തിൽ തുക നൽകിയിട്ടുണ്ട്.

| ക്രമ നം. | വൗച്ചർ നം./തീയ്യതി | നൽകിയ തുക |
|---|---|---|
| 1 | 22000835/30.11.2020 | 12,400 രൂപ (01.10.20 മുതൽ 31.10.20 വരെ ) |
| 2 | 22000901/23.12.2020 | 41,000 രൂപയിൽ 14,000 രൂപ(01.11.20 മുതൽ 15.12.20 വരെ ) |
| | ആകെ | 26,400 |

മോട്ടോർ വാഹനവകുപ്പിന്റെ 11.12.2018 ലെ നം. 45/2018/ഗതാ. ഉത്തരവ് പ്രകാരം 1500 മീറ്ററിന് മിനിമം ചാർജ് തുകയായ 25 രൂപയും പ്രസ്തുത ഉത്തരവ് പ്രകാരം പറഞ്ഞിട്ടുള്ള ടി തുകയുടെ 50% വും കൂടി ആകെ 38 രൂപ മാത്രമാണ് അനുവദിക്കുവാൻ സാധിക്കുക എന്നിരിക്കെ, 31 ദിവസത്തേക്ക് അഞ്ചു നേരം ഭക്ഷണ മെത്തിക്കുന്നതിന് 5890 രൂപയും (30x5x38), 45 ദിവസത്തേക്ക് അഞ്ചു നേരം ഭക്ഷണമെത്തിക്കുന്നതിന് 8550 രൂപയും മാത്രമാണ് അനുവദിക്കാവുന്നത്. കോവിഡ്-19 രണ്ടാംഘട്ടത്തിൽ അവശ്യാനുസരണം വാഹനം ലഭിക്കുവാൻ സാധ്യമാണെന്നിരിക്കെ 11,960 രൂപ (5890+8550 )അധികം നൽകുകയാണ് ചെയ്തിട്ടുള്ളത്.

അപാകത പരാമർശിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14/09.08.2021)നാലു സെന്ററുകളിലേക്ക് ഭക്ഷണ വിതരണം നടത്തിയതിനാണ് തുക നൽകിയത് എന്ന മറുപടി ലഭ്യമാക്കി. എന്നാൽ ക്വട്ടേഷൻ മുഖേനയല്ല വാഹനം

തെരഞ്ഞെടുത്തത്.പ്രീമെടിക് ഹോസ്റ്റലിലെ കേവിഡ് സെന്ററിലേക്ക് ഭക്ഷണമെത്തിച്ചതിന് എന്ന് പ്രത്യേകമായി ടിയാൻ തുക ലഭ്യമാക്കുവാൻ സമർപ്പിച്ച അപേക്ഷയിൽ പറഞ്ഞിട്ടുണ്ട്. മാത്രമല്ല ഈ അപാകത ബന്ധപ്പെട്ട സെക്ഷൻ നോട്ടിലൂടെ മേലധികാരിയുടെ ശ്രദ്ധയിൽപ്പെടുത്തിയതായി വ്യക്തമാകുന്നുണ്ട്. അധിക ചെലവായ 11960/-രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-24 പ്ലാൻ ഫണ്ടിൽ നിന്നുളള വിവിധ ചെലവുകൾ - വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

വിശദ വിവരം ചുവടെ ചേർക്കുന്നു.

നിർവ്വഹണം - സെക്രട്ടറി

| ക്രമ നം. | പ്രോജക്റ്റ് നം./ പദ്ധതിയുടെ പേര് | വിനിയോഗിച്ച തുക | റിമാർക്സ് |
|---|---|---|---|
| 1 | മിച്ച ഭൂമി കോളനി കുടിവെള്ളപദ്ധതിക്ക് ത്രീഫേസ് ലൈൻ വലിക്കൽ<br>പ്രോജക്റ്റ് നം.62/2021 (ഡെപ്പോസിറ്റ് വർക്ക്) | 1,72,811 രൂപ (പ്ലാൻ -ജനറൽ)<br>ബിൽ നം. 9/20-21/09.07.2020 | തുക കെ എസ് ഇ ബി വാണിയമ്പലം ഇലക്ടിക്കൽ ഡിവിഷൻ നൽകിയിട്ടുണ്ട്.പദ്ധതിക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റ്,തുക അടവാക്കിയതിന്റെ വിവരം,പൂർത്തീകരണ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്. |
| 2 | പ്രോജക്റ്റ് നം.3/2021 എസ് എസ് എ വിഹിതം അടവാക്കൽ | 7,00,000 രൂപ (പ്ലാൻ -ജനറൽ)<br>ബിൽ നം.5/20-21/20.05.20 | തുക പ്രോജക്റ്റ് ഓഫീസർ എസ് എസ് എ,മലപ്പുറത്തിന് നൽകിയിട്ടുണ്ട്.തുക വിനിയോഗിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. |
| 3 | ബിൽ നം. 7/20-21/06.06.2020 | 2,30,000 രൂപ | മഴക്കാല പൂർവ്വ ശുചീകരണപ്രവർത്തനത്തിന് പ്ലാൻ ഫണ്ടിൽ നിന്നും പിൻവലിച്ച തുക.<br>പ്രസ്തുത ഇനത്തിൽ ശുചിത്വമിഷൻ വിഹിതം 2,30,000 രൂപ വാർഡുതല സമിതികൾക്ക് അനുവദിച്ച നൽകിയിട്ടുള്ളതാണ്. ആയതിന് പുറമെ പ്ലാൻഫണ്ടിൽ നിന്നും പ്രസ്തുത തുക പിൻവലിച്ചതിന്റെ കാരണം വ്യക്തമാക്കേണ്ടതും,വിനിയോഗ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്. |

അപാകത പരാമർശിച്ച കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 4/06.08.21)രേഖകൾ ഹാജറാക്കുന്നതാണെന്ന മറുപടി ലഭിച്ചു.ആയത് ലഭ്യമാക്കുന്നതു വരെ പ്ലാൻ ഫണ്ടിൽ നിന്നും വിനിയോഗിച്ച 11,02,811 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-25 മുഴുവൻ മരുന്നുകളും ലഭ്യമായിതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

പ്രോജക്റ്റ് നം. 60/2021

പരിരക്ഷ (പാലിയേറ്റീവ് കെയർ )

വിനിയോഗിച്ച തുക – 8,00,000 രൂപ (പ്ലാൻ -ജനറൽ)

- 5,00,000 (തനത്ഫണ്ട്)

നിർവ്വഹണം - മെഡിക്കൽ ഓഫീസർ (താലൂക്ക് ഹോസ്പിറ്റൽ ,വണ്ടൂർ)

2020-21 വർഷത്തിൽ പരിരക്ഷ(പാലിയേറ്റീവ് കെയർ പ്രോഗ്രാം) പദ്ധതിയുടെ ഭാഗമായി ബിൽ നം.13/20-21/28.10.2020 പ്രകാരം 2,59,119 രൂപ മരുന്നുകൾ വാങ്ങാൻ കെ എം എസ് സി എൽ തിരുവനന്തപുരത്തിന് മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമായതിന്റെ വിവരം മാത്രമാണ് പരിശോധനക്ക് ലഭ്യമാക്കിയത് .

| ഇൻവോയിസ് നം./തീയ്യതി | തുക | റിമാർക്സ് |
|---|---|---|
| 2085/18.01.21 | 42,293 | |
| 2086/18.01.21 | 34,127 | |
| 2087/18.01.21 | 1,07,985 | |
| 2253/09.02.21 | 2491 | |
| 2338/24.02.2021 | 787 | |
| 2476/17.03.2021 | 1875 | |
| 7/01.04.21 | 823 | |
| 123/29.04.21 | 17049 | |
| 174/07.05.21 | 1003 | |
| 223/19.05.21 | 12467 | |
| 252/21.05.21 | 968 | |
| 473/19.06.21 | 21973 | |
| 593/01.07.21 | 1829 | |
| ആകെ | 2,45,670 | |

അവശേഷിച്ച 13,449 രൂപയുടെ മരുന്നുകൾ കൂടി ലഭ്യമായതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

കൂടാതെ, താഴെ പറയും പ്രകാരം തുക മരുന്ന് വാങ്ങുന്നതിനായി വിനിയോഗിച്ചിട്ടുണ്ട്.

| വൗച്ചർ നം./തീയ്യതി | തുക | റിമാർക്സ് |
|---|---|---|
| വൗച്ചർ നം.22001332/23.03.21 | 1,79,166 | കെ എം എസ് സി എൽ തിരുവനന്തപുരത്തിന് മരുന്ന് വാങ്ങാൻ നൽകിയ തുക<br>എന്നാൽ ഇൻവേയിസ് നം.2785/24.06.21 പ്രകാരം 44,027 രൂപക്കുള്ള മരുന്നാണ് ലഭിച്ചത് അവശേഷിച്ച 1,35,139 രൂപയ്ക്കുള്ള മരുന്നുകൾ ലഭ്യമായതിന്റെ സ്റ്റോക്ക് ,ഇഷ്യൂ വിവര കൂടി പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. |
| വൗച്ചർ നം.22001355/26.03.21 | 2,50,000 | കെ എം എസ് സി എൽ തിരുവനന്തപുരത്തിന് മരുന്ന് വാങ്ങാൻ നൽകിയ തുക<br>മരുന്നുകൾ ലഭ്യമായതിന്റെ സ്റ്റോക്ക് ,ഇഷ്യൂ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. |

(ഓഡിറ്റ് എൻക്വയറി നം. 13/09.08.2021)

## 1-26 തനത് ഫണ്ടിൽ 5 കോടി രൂപയുടെ നീക്കിയിരുപ്പ്- ഫിക്സഡ് ഡിപ്പോസിറ്റ് ചെയ്യുന്നതിന്റെ സാധ്യതകൾ പരിഗണിക്കേണ്ടതാണ്.

പഞ്ചായത്തിന്റെ തനതു ഫണ്ടുകളിൽ 31.03.2020, 31.03.2021 -ന് യഥാക്രമം 5.54കോടി, 6.39കോടി രൂപയുടെ നീക്കിയിരുപ്പ് ഉണ്ട്. ഇത് കൂടാതെ ജനൽ പർപ്പസ് ഗ്രാന്റ് ഇനത്തിൽ ട്രഷറി അക്കൗണ്ടിലും നീക്കിയിരുപ്പ് ഉണ്ട്. വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ 1.86 കോടി രൂപയുടെ ബാധ്യതയാണ് (റെന്റ് ഡിപ്പോസിറ്റ് ഇനത്തിൽ ഉൾപ്പടെ) പഞ്ചയാത്തിനുള്ളത്. ആയതിൽ തന്നെ കലഹരണപ്പെട്ട ഡിപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടിയാൽ 1.20 കോടി രൂപയുടെ ബാധ്യതയാണ് പഞ്ചായത്തിനുള്ളത് (ക്യാഷ് ആയി) എന്ന് കാണുന്നു. തനത് ഫണ്ടിന്റെ നീക്കിയിരുപ്പ് സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | ബാങ്ക് | നീക്കിയിരുപ്പ് |
|---|---|---|
| 2019-20 | വണ്ടൂർ സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് | 4136231 |
| | എസ്.ബി.ടി (ഇ പെയ്മെന്റ്) | 1064255 |
| | എസ്.ബി.ടി | 50235611 |
| | ആകെ | 55436097 |
| 2020-21 | വണ്ടൂർ സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് | 52901998 |
| | എസ്.ബി.ടി (ഇ പെയ്മെന്റ്) | 1928598 |
| | എസ്.ബി.ടി | 9085085 |
| | ആകെ | 63915681 |

തനത് ഫണ്ട് സേവിംഗ് ബാങ്ക് ഡിപ്പോസിറ്റുകളായി മേൽ ബാങ്കുകളിലാണ് നിക്ഷേപിച്ചിട്ടുള്ളത്. ആയതിന്മേൽ ശരാശരി 4% നിരക്കിൽ പലിശ ഇനത്തിൽ 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ യഥാക്രമം 20.1 ലക്ഷം, 20.83 ലക്ഷം രൂപയാണ് ലഭിച്ചിട്ടുള്ളത്.

പഞ്ചായത്തിന്റെ ബധ്യതകൾ/ മറ്റ് ചെലവുകൾക്ക് ആവശ്യമായ തുകകൾ മാത്രം സേവിംഗ് ബാങ്ക് അക്കൗണ്ടിൽ നില നിർത്തി ബാക്കി തുക ഫിക്സഡ് ഡിപ്പോസിറ്റ് ആക്കിമാറ്റുകയാണെങ്കിൽ പലിശ ഇനത്തിൽ 8 മുതൽ 9 ശതമാനം നിരക്കിൽ ലഭിക്കുന്നതാണ്. 3.5 മുതൽ 4 കോടി രൂപ വരെ ഫിക്സഡ് ഡിപ്പോസിറ്റ് ആക്കിമാറ്റുകയാണെങ്കിൽ പലിശ ഇനത്തിൽ പ്രതിവർഷം 15 മുതൽ 18 ലക്ഷം രൂപവരെ അധിക വരുമാനം ഉണ്ടാക്കാൻ കഴിയുമെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. മേൽ നിർദ്ദേശം പഞ്ചായത്ത് ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2020-21 | 01.08.2021- 03.08.2021 | റിപ്പോർട്ടിന്റെ ഭാഗമാക്കി |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 994000 | ലൈഫ് ഭവന നിർമ്മാണം- ജനറൽ | 994000 | 0 |
| ജില്ലാ | 11817569 | ലൈഫ് ഭവന നിർമ്മാണം- ജനറൽ | 11817569 | 0 |

| | | | | |
|---|---|---|---|---|
| പഞ്ചായത്ത് | | | | |
| ബ്ലോക്ക് പഞ്ചായത്ത് | 444000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികക്ക് സ്കോളർഷിപ്പ് 53/21 | 444000 | 0 |
| | 300000 | പച്ചക്കറി കൃഷിക്ക് കൂലി ചെലവ് (ജീവനി) 48/21 | 300000 | 0 |
| | 250000 | സുഭിക്ഷ കേരളം തരിശുഭൂമി കൃഷിക്ക് ധനസഹായം 436/21 | 250000 | 0 |
| ജില്ലാ പഞ്ചായത്ത് | 310480 | ലൈഫ് ഭവന പദ്ധതി (എസ്.ടി) അഡീഷണൽ ലിസ്റ്റ് 497/21 | 310480 | 0 |
| | 200000 | ലൈഫ് സ്ഥലം വാങ്ങൽ (എസ്.ടി) അഡീഷണൽ ലിസ്റ്റ് 498/21 | 200000 | 0 |
| | 2432000 | ലൈഫ് ഭവന പദ്ധതി ജനറൽ 41/21 | 2432000 | 0 |
| | 150000 | ലൈഫ് ഭവന പദ്ധതി (എസ്.ടി) 43/20-21 | 150000 | 0 |
| | 142200 | ലൈഫ് ഭവന പദ്ധതി (എസ്.സി) 291/21 | 142200 | 0 |
| | 5000 | ലൈഫ് ഭവന പദ്ധതി (എസ്.ടി) 292/21 | 5000 | 0 |
| | 4400000 | ലൈഫ് ഭവന പദ്ധതി ജനറൽ മൂന്നാം ഘട്ടം 295/21 | 4400000 | 0 |
| | 225000 | ലൈഫ് ഭവന പദ്ധതി (എസ്.സി) മൂന്നാം ഘട്ടം 296/21 | 225000 | 0 |
| | 200000 | ലൈഫ് ഭവന പദ്ധതി (എസ്.ടി) മൂന്നാം ഘട്ടം | 200000 | 0 |
| | 3120089 | ലൈഫ് ഭവന പദ്ധതി (എസ്.സി) അഡീഷണൽ ലിസ്റ്റ് 496/21 | 3120089 | 0 |
| | 1000000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ് 53/21 | 1000000 | 0 |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | നിർവ്വഹണ ഏജൻസി | പ്രോജക്റ്റ് നം./ പ്രവൃത്തിയുടെ പേര് | ബിൽനം./തീയ്യതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| 1 | കേരള വാട്ടർ അതോറിററി | മിച്ച ഭൂമി കോളനി കുടിവെള്ളപദ്ധതിക്ക് ത്രീഫേസ് ലൈൻ വലിക്കൽ<br>പ്രോജക്റ്റ് നം.62/2021 | ബിൽ നം. 9/20-21/09.07.2020 | 1,72,811രൂപ (പ്ലാൻ -ജനറൽ) | - | 1,72,811രൂപ |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ /വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| | | | ബാക്കിയുണ്ടായിരുന്ന തുക | | | ബാക്കിയുള്ള തുക |
| ലൈഫ് ഭവന പദ്ധതി | GO(MS)68/2018/LSGD/ 18.05.18 | 26742412 | 26223123+ 26742412 52965535 | 8815843 | 0 | 44149692 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 3000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 3000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 3000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| പി എം എസ് എ മെമ്മോറിയൽ മലപ്പുറം ജില്ലാ സഹകരണ ആശുപത്രി ലിമിറ്റഡ്,മലപ്പുറം ,ഷെയറുകൾ | 3000 |
| | |
| ആകെ | 3000 |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | ഇപ്പോഴത്തെ അവസ്ഥ | വിഷയം |
|---|---|---|---|---|---|
| 2014-15 | | 2016-17 | 2(1),2(2) | നടപടി തുടരുന്നു | 2-1 വസ്തു നികുതി2014-15 2-2 തൊഴിൽ നികുതി 2014-15 |

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം.

(എ). ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി). സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ). സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 61762286 |
| | |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | 175366681 |
| ആകെ | 237128967 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 169418407 |
| നീക്കിയിരിപ്പ് | 67710560 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ---- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3587241 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | | ഇല്ല | |
| | | | |

(സി). ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 1997566 | ശ്രീ.വൈ പി മുഹമ്മദ് അഷ്റഫ് ,സെക്രട്ടറി |
| 1-17 | 99,600 | ശ്രീമതി.ത്രേസ്യ ടി ജോർജ് ,ഹെഡ്മിസ്ട്രസ് |
| 1-18 | 375304 | ശ്രീ.വൈ പി മുഹമ്മദ് അഷ്റഫ് ,സെക്രട്ടറി |
| 1-23 | 11960 | ശ്രീ.വൈ പി മുഹമ്മദ് അഷ്റഫ് ,സെക്രട്ടറി |
| 1-24 | 1102811 | ശ്രീ.വൈ പി മുഹമ്മദ് അഷ്റഫ് ,സെക്രട്ടറി |
| ആകെ | 3587241 | |

(ഡി). കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | | ഇല്ല |

(ഇ). നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്). റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും.

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ഗ്രീഷ്മ | അസി.എഞ്ചിനീയർ,വണ്ടൂർ ഗ്രാമപഞ്ചായത്ത് | ജെഷീസ് ക്വാർട്ടേഴ്സ് , ചെറുകോട് പോരൂർ പി ഒ പിൻ -679339 . |
| മുരളികൃഷ്ണൻ സി ആർ | അസി.എക്സി.എഞ്ചിനീയർ,വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത് | നന്ദനം വീട് ചെറുകര പി ഒ മലപ്പുറം |

## <u>4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ</u>

| ക്രമ നം. | ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| 1. | 1996-97 | എൽ.എഫ്.എം.15/798/98 തീയതി 03-10-1998/13.07.04 | 40 |
| 2. | 1997-98 | കെ.എസ്.എ.എം.പി.എം.6/1237/18 തീയതി 25-05-2018 | 3 |
| 3. | 1998-99 | കെ.എസ്.എ.എം.പി.എം.6/1237/18 തീയതി 25-05-2018 | 4 |
| 4. | 1999-2000 ചെലവ് | കെ.എസ്.എ.എം.പി.എം.6/1237/18 തീയതി 25-05-2018 | 1 |
| 5. | 1999-2000 വരവ് | കെ.എസ്.എ.എം.പി.എം.6/1237/18 തീയതി 25-05-2018 | 3 |
| 6. | 2000-01 | കെ.എസ്.എ.എം.പി.എം.6/1237/18 തീയതി 25-05-2018 | 2 |
| 7. | 2001-02 | കെ.എസ്.എ.എം.പി.എം.6/1237/18 തീയതി 25-05-2018 | 4 |
| 9. | 2003-04 | കെ.എസ്.എ.എം.പി.എം.6/1237/18 തീയതി 25-05-2018 | 5 |
| 11. | 2005-06 | എൽ.എഫ്.എം 6/906/2008 തീയതി14-10-2019 | 2 |
| 12. | 2006-07 | എൽ.എഫ്.എം 6/907/08 തീയതി 14-10-2019 | 11 |
| 14. | 2008-09 | എൽ.എഫ്എം 6/1255/10 തീയതി14-10-2019 | 3 |
| 15. | 2009-10 | എൽ.എഫ്എം 6/1256/10 തീയതി 14-10-2019 | 4 |
| 16. | 2010-11 | എൽ.എഫ്എം 6/940/12 തീയതി 14-10-2019 | 1 |
| 17. | 2011-12,2012-13 | എൽ.എഫ്എം 6/1377/14 തീയതി 08-09-2015 | 27 |
| 18. | 2013-14 | എൽ.എഫ്എം 6/684/14 തീയതി 01-09-2015 | 10 |
| 19. | 2014-15 | കെ.എസ്.എ.എം.പി.എം.6/550/16തീയതി 21-04-2016 | 12 |
| 20. | 2015-16 | കെ.എസ്.എ.എം.പി.എം.6/2699/16 തീയതി 23-02-2018 | 8 |
| 21. | 2016-17 | കെ.എസ്.എ.എം.പി.എം.6/2412/18തീയതി 17-04-2019 | 13 |
| 22. | 2017-18 | കെ.എസ്.എ.എം.പി.എം.6/582/19തീയതി 04-06-2020 | 20 |
| 22. | 2018-19 | കെ.എസ്.എ.എം.പി.എം.6/ 784/2021തീയതി 05-07-2021 | 18 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ വണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ വണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്